# കാവുഞ്ചിറയിലെ കൃത്രിമ ദ്വീപിൽ വളരും മിയാവാക്കി

Jul 26, 2021, 02:00 AM IST

A | A | A



ചെറുവത്തൂർ മീൻപിടിത്ത തുറമുഖത്തിന് സമീപത്തെ കാവുഞ്ചിറ കൃത്രിമ ദ്വീപിൽ മിയാവാക്കി പദ്ധതി എം.രാജഗോപാലൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

**ചെറുവത്തൂർ** : ചെറുവത്തൂർ മീൻപിടിത്ത തുറമുഖത്തിനും അഴിമുഖത്തിനുമിടയിലെ കൃത്രിമ ദ്വീപിൽ മിയാവാക്കി പദ്ധതിക്ക് തുടക്കമായി. ഫിഷറീസ് വകുപ്പ് ഹാർബർ എൻജിനീയറിങ് വിഭാഗത്തിന്റെ സഹകരണത്തോടെ രൂപപ്പെടുത്തിയ ദ്വീപിൽ ടൂറിസം വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്.

വിനോദ സഞ്ചാരികളെ ആകർഷിക്കാൻ സാധ്യതയുള്ള ദ്വീപിൽ പ്രാദേശിക ആവാസ വ്യവസ്ഥയോടിണങ്ങുന്ന മരങ്ങളുടെ വൈവിധ്യശേഖരം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

അത്തി, പേരാൽ, മുള്ളുമുരുക്ക്, കാഞ്ഞിരം, മഞ്ചാടി, കുന്നിമണി, നെല്ലി, നീർമാതളം, അരയാൽ, പൂവരശ്, മാവ്, പ്ലാവ്, കണിക്കൊന്ന, രാമച്ചം, പതിമുഖം, ചാമ്പ, കരിങ്ങാലി, കൊക്കോ, ഏഴിലംപാല, ഇലഞ്ഞി, ഇലവ്, പ്ലാശ് തുടങ്ങി നൂറിനങ്ങളിലായി 1200 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. പക്ഷികളെയും ശലഭങ്ങളെയും ആകർഷിക്കുന്ന ഫലവൃക്ഷങ്ങളും ദ്വീപിൽ നട്ടുവളർത്തും. പദ്ധതി എം.രാജഗോപാലൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ചെറുവത്തൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സി.വി.പ്രമീള, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ തോമസ് ആന്റണി, ഡി.ടി.പി.സി. സെക്രട്ടറി ബിജു രാഘവൻ, ഗ്രാമപ്പഞ്ചായത്തംഗം കെ.രമണി, കെ.സുധാകരൻ, കെ.ബാലകൃഷ്ണൻ, ടി.രവീന്ദ്രൻ എന്നിവർ സംബന്ധിച്ചു.